പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1149 30.09.2016-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ ചെലവ് നിയന്ത്രണം

**ചോദ്യം**

ശ്രീ. അബ്ദുൽ ഹമീദ് പി.

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ പാഴ് ചെലവ് എന്നു കരുതിയിരുന്ന എന്തെല്ലാം കാര്യങ്ങൾ ഈ സർക്കാർ വന്നശേഷം ഒഴിവാക്കി എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ വന്നശേഷം കെ.എസ്.ആർ.ടി.സി.യിൽ പാഴ് ചെലവുകൾ പുതുതായി ഒന്നും കണ്ടെത്തിയിട്ടില്ല. |
| (ബി) | ഉന്നതോദ്യോഗസ്ഥരുടെ അധിക ചെലവിനങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദവിവരം നൽകുമോ; | (ബി) | ഉന്നതോദ്യോഗസ്ഥർക്ക് നിയമാനുസൃതമായി അർഹതപ്പെട്ട ആനുകൂല്യങ്ങളല്ലാതെ മറ്റൊന്നും നൽകുന്നില്ല. |
| (സി) | ചായ സൽക്കാര ഇനത്തിലും വൈദ്യുത ഉപയോഗ ഇനത്തിലും അധിക ചെലവ് നിയന്ത്രിക്കാൻ ഏതൊക്കെ നടപടികൾ സ്വീകരിച്ചു; ഈ നടപടികൾ മുഖേന എത്ര തുക പ്രതിമാസം ലാഭിക്കാൻ തുടങ്ങി എന്നതിന്റെ കണക്ക് നൽകുമോ? | (സി) | ഉന്നതോദ്യോഗസ്ഥരുടെ ചായസൽക്കാരത്തിനായി നാമമാത്രമായ തുക മാത്രമേ ചെലവഴിക്കുന്നുള്ളൂ. വെള്ളം, വൈദ്യുതി എന്നിവ ലാഭിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ